14/2/23.


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 361*(2)/2022*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 6832/എസ്.ഐ.സി-ജി 6/22)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.എം.മോഹൻദാസ്,
മേനവീട്ടിൽ,
പായിക്കുഴി, ഓച്ചിറ,
കൊല്ലം – 690 526. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കൊല്ലം.
2. അപ്പീൽ അധികാരി& ജോയിന്റ് രജിസ്ട്രാർ(ജനറൽ), കൊല്ലം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.08.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.08.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.09.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.01. 2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.05.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.05.2022 |
| ഹിയറിംഗ് നടന്ന തീയതി | 29.12.2022, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ എം.മോഹൻദാസ്, 04.05.2022ന്

സമർപ്പിച്ച അപ്പീൽ ഹർജി 06.05.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.361(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. ഹർജിക്കാരൻ 09.08.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 16.08.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) 07.07.2016ലെ ടിയാന്റെ അപേക്ഷ കൊല്ലം ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും

2) ആയതിന്മേൽ ബാങ്കിൽ നിന്നും ലഭിച്ച റിപ്പോർട്ട് ഹർജിക്കാരൻ ടി ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റിയിട്ടുള്ളതാണെന്നും

3) ടി വിഷയത്തിലെ ബാങ്കിന്റെ നിലപാടാണ് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതെന്നും

4) ചോദ്യം 4 പ്രകാരം ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5) ചോദ്യ 5 പ്രകാരം ടിയാൻ ആവശ്യപ്പെട്ട രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും സഹകരണ ബാങ്കുകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ചോദ്യം 6ന്റെ മറുപടി നൽകാൻ നിർവ്വാഹമില്ലെന്നുമാണ്.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 11.01.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ 1991ൽ നടന്ന ക്ലർക്ക്/കാഷ്യർ ടെസ്റ്റിന്റെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതിലും തുടർന്നുള്ള നിയമനത്തിലെയും അപാകതകൾ സംബന്ധിച്ച് 07.07.2016ൽ ടിയാൻ സമർപ്പിച്ച പരാതി, മേൽ നടപടികൾക്കായി കൊല്ലം ജില്ലാ സഹകരണ ബാങ്കിലേക്ക് അയച്ചു കൊടുത്തിട്ടുണ്ടോയെന്നും ആയതിന്മേൽ ബാങ്ക് അഡ്മിനിസ്ട്രേറ്റർ/ബാങ്ക് ഭരണ സമിതി എടുത്ത തീരുമാനവും നടപടി വിവരവും സംബന്ധിച്ച് ടി ഓഫീസിൽ 10.08.2021ന് ലഭിച്ച അപേക്ഷയിന്മേൽ കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ 2016 ജൂലൈ മാസം മുതൽ 2017 മെയ്

മാസംവരെയുള്ള കാലയളവിൽ കൂടിയ ഭരണ സമിതി മീറ്റിംഗുകളുടെ തീരുമാനങ്ങൾ അടങ്ങിയ മിനിട്സിന്റെ പകർപ്പും ആവശ്യപ്പെട്ടിരുന്നുവെന്നാണ്. ആയതനുസരിച്ച് അപേക്ഷയിന്മേൽ ബാങ്ക് സ്വീകരിച്ച നടപടി വിവരവും ബാങ്കിന്റെ ഡെപ്യൂട്ടി മാനേജർ നൽകിയ കത്തിന്റെ പകർപ്പും വിവരാന്വേഷകനായ ഹർജിക്കാരൻ നൽകിയിട്ടുണ്ടെന്നാണ്. എന്നാൽ സഹകരണ ബാങ്കുകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാലും കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ മിനിട്ട്സ് പകർപ്പുകൾ ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാലും മറുപടി നൽകാൻ നിർവ്വാഹമില്ലാത്തതാണെന്ന് എസ്.പി.ഐ.ഒ. ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) 16.08.2021ന് മറുപടി നൽകിയിട്ടുണ്ടെന്നാണ്.

ടി വിഷയവുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ ഇതേ ആവശ്യം ഉന്നയിച്ച് നൽകിയ അപേക്ഷ പ്രകാരം 31.05.2018ലെ കത്തുപ്രകാരവും 02.03.2020ലെ കത്തു പ്രകാരവും മറുപടിയും രേഖകളും നൽകിയിട്ടുണ്ടെന്നാണ്.

എന്നാൽ അതിന്മേൽ 26.09.2021ന് അപ്പീൽ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ ലഭ്യമല്ലാത്ത രേഖയായിട്ടു കൂടിയും കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ഒരു മുൻ ജീവനക്കാരൻ എന്ന നിലയിൽ ടി ഓഫീസിൽ നിന്നും കേരള സഹകരണ ബാങ്ക് (മുൻ കൊല്ലം ജില്ലാ സഹകരണ ബാങ്ക്) സി.പി.സി.ഡെപ്യൂട്ടി ജനറൽ മാനേജർക്ക് നൽകിയ കത്തു പ്രകാരം ബാങ്ക് മിനിട്ട്സ് കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ കൊല്ലം കേന്ദ്രത്തിൽ 2016 ജൂലൈ മാസം മുതൽ 2017 മെയ് മാസം വരെയുള്ള കാലയളവിലെ ബാങ്ക് ഭരണ സമിതി തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമല്ലായെന്ന വിവരം ഇന്നേദിവസം നടന്ന ഹീയറിംഗിൽ ഹാജരായ ടിയാനെ വാക്കാലും നേരിൽ കേട്ടതിൽ രേഖ വഴിയും അറിയിച്ചെങ്കിലും ഹർജിക്കാരൻ ഒപ്പിടാൻ വിസമ്മതിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ തള്ളി വിധിയായെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും റിപ്പോർട്ടും

പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും കേരള ബാങ്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്നുള്ള കമ്മീഷന്റെ ഉത്തരവ് ബഹു. ഹൈക്കോടതിയുടെ WP(C)11822/2022 ഉത്തരവു പ്രകാരം സ്റ്റേ ചെയ്ത സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്നു കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION